## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5031 | 24.10.2011 - ൽ മറുപടിക്ക് |
|---|---|

### വൈത്തിരി താലൂക്കിൽ ബ്ലഡ് ബാങ്ക്

**ചോദ്യം**
ശ്രീ. എം.വി. ശ്രേയാംസ് കുമാർ:

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

(എ) സർക്കാർ ആശുപത്രികളിൽ ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(എ) പ്രതിവർഷം 2,000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമുള്ള ഏതൊരു ആശുപത്രിക്കും രക്ത ബാങ്കുകൾ തുടങ്ങാവുന്നതാണ്. ഇതിനായി സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്-ഫ്യൂഷൻ കൗൺസിലിൽ നിന്നുള്ള എൻ.ഒ.സി., ചുരുങ്ങിയത് 100m$^2$ വിസ്തീർണ്ണമുള്ള സ്ഥലസൗകര്യം, നിശ്ചിത യോഗ്യതയും പരിചയവും സിദ്ധിച്ച അലോപ്പതി ഡോക്ടർ, ടെക്നീഷ്യൻ, നഴ്സ് എന്നിവരുടെ സേവനവും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് 1940 - അനുശാസിക്കുന്ന ഉപകരണങ്ങളും സൗകര്യങ്ങളും ആവശ്യമാണ്.

എന്നാൽ ചെറുകിട ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന് അനുമതി നൽകുന്നുണ്ട്. ഇതിന് 10m$^2$ ഉള്ള മുറിയും ബ്ലഡ് ബാങ്ക് റഫ്രിജിറേറ്ററും, പരിശീലനം സിദ്ധിച്ച ഡോക്ടറും ലാബ്ടെക്നീഷ്യനും ഉണ്ടായിരിക്കണം.

| | | | |
|---|---|---|---|
| (ബി) | കല്‍പ്പറ്റ മണ്ഡലത്തിലെ വൈത്തിരി താലൂക്കില്‍ ബ്ലഡ് ബാങ്ക് ഇല്ലാത്തതുമൂലം അപകടങ്ങളില്‍പ്പെടുന്നവര്‍ക്ക് അടിയന്തിര സഹായമെത്തിക്കുന്നതിന് സാധിക്കാത്തകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. വൈത്തിരി താലൂക്കാശുപത്രിയില്‍ രക്ത സംഭരണ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ നടപടികള്‍ പൂര്‍ത്തീകരിച്ച് വരുന്നു. പ്രസ്തുത രക്ത സംഭരണ യൂണിറ്റില്‍ പ്രതിവര്‍ഷം 2,000 യൂണിറ്റില്‍ കൂടുതല്‍ രക്തം ആവശ്യമായി വരുന്ന പക്ഷം ബ്ലഡ് ബാങ്കായി ഉയര്‍ത്താനുള്ള നടപടികള്‍ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത താലൂക്കില്‍ ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷന്‍ ഓഫീസര്‍